## കുളത്തൂപ്പുഴ-അഞ്ചൽ-പുനലൂർ റോഡ്

62 [660] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാരത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളത്തൂപ്പുഴ-അഞ്ചൽ-പുനലൂർ റോഡ് പുനരുദ്ധാരണത്തിനുവേണ്ടി എന്നാണ് കെ. എസ്. ടി. പി.ക്ക് കൈമാറിയത് ;

(ബി) ഈ പണിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും, ടെണ്ടർ നടപടികൾ എന്നാണ് പൂർത്തിയാക്കിയത് എന്നും, ടെണ്ടർ തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) എന്നാണ് നിർമ്മാണപ്രവർത്തനം ആരംഭിച്ചത് എന്നും നിർമ്മാണ കാലാവധി എത്രയാണ് എന്നും നിർമ്മാണപ്രവർത്തനത്തിന് ഒരോ ഘട്ടത്തിനും സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ ;

(ഡി) നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പ്രസ്തുത നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കരാർ ലംഘിച്ചതിന് എന്തെങ്കിലും പിഴ ഈടാക്കുവാൻ എഗ്രിമെന്റിൽ വ്യവസ്ഥ ഉണ്ടോ; എങ്കിൽ എത്ര തുക ഈടാക്കി എന്ന് വെളിപ്പെടുത്തുമോ ; എഗ്രിമെന്റ്, എസ്റ്റിമേറ്റ് ഇവയുടെ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് അവലോകനയോഗം നടന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ജി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2-9-2003-ൽ.

(ബി) എസ്റ്റിമേറ്റ് തുക 9,91,00,000 രൂപ, എഗ്രിമെന്റ് വച്ച തീയതി-1-9-2003, കോൺട്രാക്ട് തുക 9,37,69,518 രൂപ.

(സി) നിർമ്മാണപ്രവർത്തനം-2-9-2003-ൽ ആരംഭിച്ചു. നിർമ്മാണ കാലാവധി-17 മാസമെന്ന് നിശ്ചയിച്ചിരുന്നു. ഒന്നാംഘട്ടം-12 മാസംകൊണ്ടും രണ്ടാംഘട്ടം ബാക്കി സമയം കൊണ്ടും പൂർത്തിയാക്കണമെന്ന് നിശ്ചയിച്ചിരുന്നു.

(ഡി) പൂർത്തീകരിച്ചിട്ടില്ല.

(ഇ) പിഴ ഈടാക്കുന്നതിന് വ്യവസ്ഥ ഉണ്ട്. അടുത്ത ബില്ല് (ഇന്റെറിം പേയ്മെന്റ് സർട്ടിഫിക്കറ്റ്) സമർപ്പിക്കുമ്പോൾ പിഴ ഈടാക്കുന്നതാണ്. എഗ്രിമെന്റ്, എസ്റ്റിമേറ്റ് എന്നിവയുടെ കോപ്പി ഓഫീസിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിർമ്മാണ പ്രവർത്തനങ്ങൾ വേഗം ചെയ്തു തീർക്കാനായി അവലോകന യോഗങ്ങൾ 2004 ഓഗസ്റ്റ് 8, 2004 സെപ്റ്റംബർ 29 എന്നീ തീയതികളിൽ നടത്തി കോൺട്രാക്ടർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

(ജി) 2005 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൃശ്ശൂർ ജില്ലയിൽ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന പാലങ്ങൾ

63 [661] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് സഹായത്തോടെ തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ പാലങ്ങളുടെ നിർമ്മാണത്തിനാണ് ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അഴിമാവ്കടവ്, ചെമ്മാപ്പള്ളികടവ് എന്നിവിടങ്ങളിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയായിയെന്ന് വിശദമാക്കുമോ ;

(സി) ചേർപ്പ്-തൃപ്രയാർ റോഡിൽ കാലപ്പഴക്കംചെന്ന പഴുവിൻ പാലം അപകടസ്ഥിതിയിൽ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പാലം അടിയന്തിരമായി പൊളിച്ചു പണിയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പുള്ള്-മനക്കൊടി റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്നു മുതലാണ് ആരംഭിക്കുന്നത് എന്ന് അറിയിക്കുമോ ;

(എഫ്) ഇതിനായി 2004-05 ബഡ്ജറ്റിൽ അനുവദിച്ച സംഖ്യ എത്ര ;

(ജി) പൂച്ചാണിപ്പാടം-ചാത്തകൂടം-എറവക്കാട് റോഡിന്റെ പുനരുദ്ധാരണ പണികൾ ഏതു ഘട്ടംവരെയായിയെന്ന് വിശദമാക്കുമോ ;

(എച്ച്) നെടുപുഴ-വടുക്കര-അരണാട്ടുകര റോഡിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഐ) ചിയ്യാരം കോൺവെന്റ് റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നിർമ്മാണം ആരംഭിച്ചിട്ടുള്ള പാലങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) അഴിമാവ് കടവ് പാലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. ചെമ്മാപ്പള്ളി പാലത്തിന്റെ സർവ്വേ നടത്താൻ നടപടി എടുത്തുവരുന്നു.

(സി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly